**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 34 — 11.12.2012 ൽ മറുപടിയ്ക്ക്

<u>ബസ്സ് ചാർജ്ജ് വർദ്ധനവ്</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി | | ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
| (എ) അവസാനമായി ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചതെന്നാണ് ; ചാർജ്ജ് വർദ്ധനയ്ക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു; | (എ) | 11/11/2012 ലാണ് അവസാനമായി ബസ്ചാർജ്ജ് വർദ്ധിപ്പിച്ചത്. പെട്രോൾ/ഡീസൽ വിലയിലുണ്ടായ വർദ്ധനവ്, ബസ്സുകളുടെ മറ്റ് പ്രവർത്തന ചെലവുകളിലുണ്ടായ വർദ്ധനവ് തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് റിട്ടയേർഡ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ കണക്കിലെടുത്താണ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) അശാസ്ത്രീയമായ ബസ്സ് ചാർജ്ജ് വർദ്ധനവ് മൂലം യാത്രാ നിരക്കിലുണ്ടായ ഭാരിച്ച വർദ്ധനവ് ജനങ്ങൾക്ക് താങ്ങാനാവുന്നതിനേക്കാൾ കൂടുതലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മറ്റ് വിഷയങ്ങൾക്ക് പുറമേ ബസ് ചാർജ്ജ്, സ്റ്റുഡന്റ്സ് കൺസഷൻ, ഓട്ടോ ടാക്സി നിരക്കുകൾ ചരക്കുവാഹന വാടക എന്നിവ വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന കേരള ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് എം.രാമചന്ദ്രൻ ചെയർമാനായും ഗതാഗത കമ്മീഷണർ മെമ്പർ സെക്രട്ടറിയുമായ ഫെയർ റിവിഷൻ കമ്മിറ്റി നടത്തിയ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച സമഗ്രമായ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ബസ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്.ബസ് ചാർജ്ജ് വർദ്ധനവ് മൂലം ഭാരിച്ച വർദ്ധനവ് ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വിദ്യാർത്ഥികളെ ചാർജ്ജ് വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | 11/11/2012 ലെ വർദ്ധനവിലൂടെ വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ് നിരക്ക് മിനിമം 50 പൈസയായിരുന്നത് 1 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാമമാത്രമായ പ്രസ്തുത വർദ്ധനവ് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ